**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.306 — 27.02.2017 ൽ മറുപടിക്ക്

**കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം**

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ആരംഭിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; ഇതു സംബന്ധിച്ച പ്രൊപ്പോസൽ ഉചിതമാർഗ്ഗേന ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ട്രോമാകെയർ കെട്ടിട നിർമ്മാണം 17.07.2015-ന് പൂർത്തിയാക്കുകയും ട്രോമാ കെയർ സേവനം നൽകുന്നതിനാവശ്യമായ ഉപകരണങ്ങൾ ലഭിക്കുന്നതിനുവേണ്ടി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ എമർജൻസി മെഡിക്കൽ കെയർ വിഭാഗം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി സർക്കാർ ഉത്തരവ് നം.G.O(Rt)No.2809/2016/H&FWD, dated 19.10.2016 പ്രകാരം കൊട്ടാരക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് Rs.88,15,092/-രൂപ നൽകി. ട്രോമാകെയർ ഉപകരണങ്ങൾ വാങ്ങുന്നതിനായി ടി തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്.<br>ട്രോമാ കെയർ സൗകര്യത്തിന് ഉൾപ്പടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ചിട്ടില്ല. |
| (ബി) | ആശുപത്രിക്ക് അനുവദിച്ച കാരുണ്യ ഡയാലിസിസ് യൂണിറ്റ് നാളിതുവരെയും ആരംഭിക്കാത്തതിന്റെ കാരണം എന്താണ് ; പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ സ്ഥാപിക്കുവാൻ വേണ്ടി വിശദമായ എസ്റ്റിമേറ്റ് എടുത്തിരുന്നുവെങ്കിലും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും തുടർന്നുള്ള പ്രവർത്തനാനുമതിയും ഫണ്ടും ലഭിക്കാത്തതിനാൽ പദ്ധതി നടപ്പാക്കാനായില്ല. എന്നാൽ ഇപ്പോൾ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 44 സർക്കാർ ആശുപത്രികളിൽ സ്ഥാപിക്കുന്ന ഡയാലിസിസ് സെന്റർ പദ്ധതിയിൽ കൊട്ടാരക്കര താലൂക്ക് ആശുപത്രിയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവർത്തനം പൂർത്തിയായതിനുശേഷം ഉപകരണങ്ങളും മറ്റു അനുബന്ധ സംവിധാനങ്ങളും സ്ഥാപിച്ച് ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ